## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 6      05/03/2012ൽ മറുപടിക്ക്

### റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ കരാർ അടിസ്ഥാനത്തിൽ നിയമനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. ബി.സത്യൻ: | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലിരിക്കെ കരാർ അടിസ്ഥാനത്തിലും മറ്റും സർക്കാർ വകുപ്പുകളിൻ കീഴിൽ നിയമനം നടത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും അല്ലാതെയും ഈ സർക്കാരിന്റെ കാലത്ത് നടന്നിട്ടുള്ള നിയമനങ്ങൾ വകുപ്പടിസ്ഥാനത്തിൽ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) നടപ്പു സാമ്പത്തിക് വർഷത്തെ പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളിലെ ഒഴിവുകളും ഉൾപ്പെടെ എല്ലാ ഒഴിവുകളും എത്രയും വേഗം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകുകയും പ്രസ്തുത നിർദ്ദേശം പാലിക്കാത്ത നിയമനാധികാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച് 28.12.2011-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പധ്യക്ഷന്മാരുടെ അവലോകന യോഗം നടത്തുകയും ചെയ്തിരുന്നു. |
| (സി) പി.എസ്.സി.യുടെ എത്ര റാങ്ക് ലിസ്റ്റുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) ഇപ്പോൾ 1903 റാങ്ക് ലിസ്റ്റുകൾ പി.എസ്.സിയിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ